(ഇ) 2004 ഏപ്രിൽ 1 മുതൽ 2005 മാർച്ച് 31 വരെയുള്ള കാലയളവിൽ 108.97 ലക്ഷം കെയ്സ് വിദേശമദ്യവും 37.99 ലക്ഷം കെയ്സ് ബീയറും വിറ്റിട്ടുണ്ട്.

ലോട്ടറി സമ്മാനത്തുക ട്രഷറികളിൽ കെട്ടിവയ്ക്കൽ

49 [1879] *ശ്രീ. വി. ജെ. പൗലോസ്:*
,, *എം. കെ. പോൾസൺ മാസ്റ്റർ:*
,, *സി. പി. മുഹമ്മദ്:*
,, *ജി. പ്രതാപവർമ്മ തമ്പാൻ:*
,, *എം. എം. ഹസ്സൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി നിരോധനം അവസാനിപ്പിച്ച് ലോട്ടറി പുനരാരംഭിച്ചശേഷം നടത്തിയ ഏതെല്ലാം അന്യസംസ്ഥാന ലോട്ടറികൾക്ക് ലഭിച്ച സമ്മാനം അവകാശപ്പെടാൻ ആളില്ലാതെവന്നു;

(ബി) അപ്രകാരമുള്ള സമ്മാനത്തുക ബന്ധപ്പെട്ട ലോട്ടറി അധികാരസഹർ ഗവൺമെന്റ് ട്രഷറികളിൽ കെട്ടിവയ്ക്കുമോ;

(സി) അപ്രകാരം തുക കെട്ടിവയ്ക്കാത്ത ലോട്ടറികളുടെമേൽ എന്തെല്ലാം നടപടികൾ എടുത്തുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ)–(സി) അന്യസംസ്ഥാന ഭാഗ്യക്കുറി സമ്മാനങ്ങളെപ്പറ്റിയുള്ള വിശദാംശങ്ങൾ ലഭ്യമല്ല.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് മഴവെള്ള സംഭരണം

50 [1880] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന്, മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഗവൺമെന്റ് സെക്രട്ടേറിയറ്റ്, മെഡിക്കൽ കോളേജ് തുടങ്ങിയ ഗവൺമെന്റ് സ്ഥാപനങ്ങളിൽ മഴവെള്ളം ശേഖരിച്ച് ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പൂന്തോട്ടങ്ങൾ നനയ്ക്കുന്നതിന് മഴവെള്ളം ഉപയോഗിക്കണമെന്ന് ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റി, കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പാക്കിവരുന്ന മേൽക്കൂര മഴവെള്ളക്കൊയ്ത്ത് പദ്ധതിയായ വർഷ പദ്ധതി പ്രകാരം 1048 യൂണിറ്റുകൾ പൂർത്തീകരിച്ചു.

കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിവഴി മഴവെള്ള സംഭരണ പ്രചരണ പരിപാടിക്ക് 2004 ജൂണിൽ തുടക്കം കുറിച്ചു. എല്ലാ ജില്ലയിലും 50 മേസ്തിരിമാരെ ഫെറോസിമന്റ് സാങ്കേതികവിദ്യയിൽ പരിശീലനം നൽകി സജ്ജരാക്കി. എല്ലാ ജില്ലകളിലും 10,000 ലിറ്റർ സംഭരണശേഷിയുള്ള 35 സംഭരണികൾ നിർമ്മിച്ചുവരുന്നു. മഴവെള്ള സംഭരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുവാൻ പുസ്തകങ്ങൾ, ലഘുലേഖകൾ, പോസ്റ്ററുകൾ, സിനിമസ്ലൈഡുകൾ, സ്റ്റിക്കറുകൾ, മതിലെഴുത്തുകൾ, കെ.എസ്.ആർ.ടിസി. ബസ്സിൽ പരസ്യങ്ങൾ, സെമിനാറുകൾ, ടി.വി. ചാനലുകൾവഴിയുള്ള പരസ്യങ്ങൾ, ഡോക്യുമെന്ററികൾ, ആകാശവാണിവഴിയുള്ള പരിപാടികൾ തുടങ്ങിയ വിവിധ ബോധവൽക്കരണ-പ്രചരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ, ഗവൺമെന്റ് വെറ്ററിനറി കോളേജ്, യൂണിവേഴ്സിറ്റി കോളേജ്, വിദ്യാലയങ്ങൾ തുടങ്ങി 64-ഓളം സ്ഥാപനങ്ങളിൽ സമഗ്ര മഴവെള്ള സംഭരണത്തിലധിഷ്ഠിതമായ ജലവിതരണ പദ്ധതികൾ നടപ്പിലാക്കാൻ തുടങ്ങി. എല്ലാ ജില്ലകളിലും 25 വകുപ്പുതല എഞ്ചിനീയർമാർക്ക് ഫെറോസിമന്റ് ടെക്നോളജിയിൽ പരിശീലനം നൽകിവരുന്നു.

(സി) ഉണ്ട്.

(ഡി) ബാധകമല്ല.

(ഇ) ബദൽ സംവിധാനം ഏർപ്പെടുത്തുന്നതുവരെ ഇക്കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കേന്ദ്ര സഹായം

51 [1881] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:*

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

,, *വി. കെ. സി. മമ്മത് കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തികവർഷം വരൾച്ചക്കാലത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഏതെല്ലാം നിലയിൽ ഫണ്ട് ലഭ്യമാക്കുകയുണ്ടായി; കേന്ദ്ര സഹായം എത്ര കോടിയായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly